# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5741 18.11.2019-ൽ മറുപടിക്ക്

**സംസ്ഥാന പുരാവസ്തു/പുരാരേഖ വകുപ്പുകളുടെ സമഗ്രവും ആനുകാലികവുമായ പുന:സംഘാടനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാജൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീമതി സി.കെ. ആശ<br>ശ്രീ.വി.ആർ. സുനിൽ കുമാർ | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>ബഹു.തുറമുഖവും മ്യൂസിയവും<br>പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാന പുരാവസ്തു /പുരാരേഖ വകുപ്പുകളെ സമഗ്രവും ആനുകാലികവുമായി പുന:സംഘാടനം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | പുരാവസ്തുവകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുവാൻ നിയമസഭാ സബ്ജക്ട് കമ്മിറ്റി (വിദ്യാഭ്യാസം) ശുപാർശ ചെയ്തതിൻ പ്രകാരം പരിഗണനാവിഷയങ്ങൾ തയ്യാറാക്കുന്നതിന് 16.08.2017-ലെ സ.ഉ.(സാധാ)നം.506/17/ സാം.കാ.വ. പ്രകാരം ഒരു വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി പരിഗണനാ വിഷയങ്ങൾ നിർണ്ണയിച്ചുകൊണ്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>പുരാരേഖാവകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനു വേണ്ടി കെ.സി.എച്ച്.ആർ ചെയർമാൻ പ്രൊഫ. മൈക്കിൾ തരകൻ അദ്ധ്യക്ഷനായി "സ്റ്റഡി ഓൺ ആർക്കൈവ്സ്" എന്ന പേരിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രവർത്തനങ്ങൾ നടന്നു വരുകയും ചെയ്യുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ലോകപൈതൃക പട്ടികയുടെ സാദ്ധ്യതാലിസ്റ്റിലുള്ള പദ്മനാഭപുരം കൊട്ടാരവും പരിസരവും സൗന്ദര്യവൽക്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം യുനെസ്കോയുടെ ലോക പൈതൃക പട്ടികയിലെ സാദ്ധ്യതാപട്ടികയിൽ ഉൾപ്പെട്ട പത്മനാഭപുരം കൊട്ടാരത്തിൽ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൊട്ടാരത്തിലെ 'കമ്മട്ടപ്പുര' സമഗ്ര സംരക്ഷണത്തിന് വിധേയമാക്കി. അന്തർ ദേശീയ നിലവാരത്തിലുള്ള ടിക്കറ്റ് കൗണ്ടർ, ഇൻഫർമേഷൻ സെന്റർ എന്നിവ സ്ഥാപിക്കുകയുണ്ടായി.<br><br>പത്മനാഭപുരം കൊട്ടാരത്തിലെ വലിയ ഊട്ടുപുരയുടെ എല്ലാവിധ അറ്റകുറ്റ പ്രവൃത്തികളും |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ച് പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു. അതുപോലെ തന്നെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കി മണിമേട, പാൽപ്പുരമാളിക എന്നിവയും സന്ദർശകർക്കായി തുറന്നു നൽകിയിട്ടുണ്ട്.<br><br>കൊട്ടാര പരിസരത്തെ വെളിച്ച വിതാനം ആധുനികവൽക്കരിച്ചിട്ടുണ്ട്. പത്മനാഭപുരം കൊട്ടാരത്തിന്റെയും പരിസരത്തിന്റെ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി കൊട്ടാരമുറ്റങ്ങളിലും, പരിസര പ്രദേശങ്ങളിലുമായി 33,157 സ്ക്വയർ ഫീറ്റ് ഏരിയായിൽ പുൽത്തകിടികൾ നിർമ്മിക്കുകയും, മറ്റ് പ്രദേശങ്ങളിൽ ചെടികൾ വച്ചുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേനയാണിത് നടപ്പിലാക്കിയത്. ഇതിനായി 29,02,235/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പുൽത്തകിടിയുടെ വാർഷിക പരിപാലനത്തിനായി 6,59,000/- രൂപ അനുവദിക്കുകയും പ്രസ്തുത പ്രവർത്തി നടന്നു വരികയുമാണ്. |

**സെക്ഷൻ ഓഫീസർ**